**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച 06.10.2022- തീയതിയിലെ സ.ഉ 30/2022/അഗ്രി നമ്പർ ഉത്തരവിൽ ഫാം തൊഴിലാളികളുടെ അലവൻസുകളിൽ 'മെഡിക്കൽ ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാർക്ക് ബാധകമായ വ്യവസ്ഥകൾ 'എന്നതിലെ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 1960-ലെ Kerala Government Servants Medical Attendance Rules പ്രകാരമുള്ള Interest Free Medical Advance (IFMA), Medisep, Medical Reimbursement എന്നിവയാണ് സർക്കാർ ജീവനക്കാർക്ക് ബാധകമായ മെഡിക്കൽ ആനുകൂല്യങ്ങൾ. |
| (ബി) | സർക്കാർ ജീവനക്കാർക്കും കെ.എസ്.ആർ. ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ബാധകമാക്കിയ യൂട്രസ് റിമൂവൽ സർജറിക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് നൽകുന്ന നാല്പത്തിയഞ്ച് ദിവസത്തെ അവധി, പ്രസവാവധി തുടങ്ങിയ അവധി ആനുകൂല്യങ്ങൾ ഫാം തൊഴിലാളികൾക്കും അനുവദിക്കുന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാർ പാസാക്കിയ 1961-ലെ Maternity Benefit Act സംസ്ഥാനത്തിലെ ഫാമുകൾക്കും കേരള സർക്കാരിന്റെ 01.01.1994ലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം ബാധകമാക്കിയിട്ടുള്ളതിനാൽ ഫാമിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാവധി നിലവിൽ അനുവദിക്കുന്നുണ്ട്. ഗവൺമെന്റ് ഫാം തൊഴിലാളികളുടെ സേവന വ്യവസ്ഥ പരിഷ്കരണ സമിതി 2019, സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ യൂട്രസ് റിമൂവൽ സർജറിക്ക് വിധേയരാകുന്ന ഫാം തൊഴിലാളികൾക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണമെന്ന ശുപാർശ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടു തന്നെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് ആയത് പരിശോധിക്കപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നില്ലായെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള തടസ്സങ്ങളെന്തെന്നും അറിയിക്കാമോ? | (സി) | തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാർ പാസാക്കിയ 1961-ലെ Maternity Benefit Act സംസ്ഥാനത്തിലെ ഫാമുകൾക്കും കേരള സർക്കാരിന്റെ 01.01.1994ലെ അസാധാരണ ഗസറ്റ് |

| | | | |
|---|---|---|---|
| | | | വിജ്ഞാപന പ്രകാരം ബാധകമാക്കിയിട്ടുള്ളതിനാൽ ഫാമിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാവധി നിലവിൽ അനുവദിക്കുന്നുണ്ട്. ഗവൺമെന്റ് ഫാം തൊഴിലാളികളുടെ സേവന വ്യവസ്ഥ പരിഷ്കരണ സമിതി 2019, സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ യൂട്രസ് റിമൂവൽ സർജറിക്ക് വിധേയരാകുന്ന ഫാം തൊഴിലാളികൾക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണമെന്ന ശുപാർശ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടു തന്നെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് ആയത് പരിശോധിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ